

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 8

# കിഴക്കുദിച്ച നക്ഷത്രം



**ബേത്‌ലെഹെമിൽ** ഈശോ ജനിച്ചപ്പോൾ അങ്ങു കിഴക്ക് ആകാശ
ത്തിൽ ഒരു അത്ഭുതനക്ഷത്രം കാണപ്പെട്ടു.
ആ നക്ഷത്രം കു കിഴക്കുദേശത്തു നിന്നു ജ്ഞാനികൾ
ഈശോയെ  അന്വേഷിച്ചു ജറൂസലേമിൽ വന്നു.

“എവിടെയാണ് യഹൂദന്മാരുടെ
രാജാവായി ജനിച്ചവൻ?
ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം ക്
അവനെ ആരാധിക്കുവാൻ വന്നിരിക്കുകയാണ്”.

ഹേറോദേസ് രാജാവ് ഇതുകേട്ട്
അസ്വസ്ഥനായി. അദ്ദേഹം പുരോഹിതന്മാരെ വിളിച്ച് മിശിഹാ
എവിടെയാണു ജനിക്കുക എന്നു ചോദിച്ചു.

**“യൂദയായിലെ ബേത്‌ലെഹെമിൽ’**

എന്നു പുരോഹിതന്മാർ മറുപടി നൽകി

ജ്ഞാനികൾ ഉണ്ണിക്കു നൽകുവാൻ
സമ്മാനങ്ങൾ കൊുവന്നിരുന്നു.
എന്തൊക്കെയായിരുന്നുവെന്നോ?







സ്വർണ്ണം　　മീറ　　കുന്തുരുക്കം

ജ്ഞാനികൾ ഉണ്ണിയീശോയെ

കുമ്പിട്ടാരാധിച്ചു.

മാലാഖ നിർദ്ദേശിച്ചതനുസരിച്ചു ജ്ഞാനികൾ
ഹേറോദേസിന്റെ
അടുത്തു ചെല്ലാതെ തിരിച്ചുപോയി

ഇതറിഞ്ഞ കുപിതനായ ഹേറോദേസ്
ബേത്‌ലെഹെമിലെ രുവയസിൽ താഴെയുള്ള എല്ലാ
ആൺകുട്ടികളെയും കൊല്ലുവാൻ കല്പിച്ചു.

ഇങ്ങനെ കൊല്ലപ്പെട്ട ശിശുക്കളുടെ

ഓർമ്മയ്ക്കായിട്ടാണു സഭ

ഡിസംബർ 28-ാം തീയതി

കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

ആചരിക്കുന്നത്...



**യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ**

**നസ്രായൻ ഈശോ.**



# നമുക്കു പാടാം

നക്ഷത്രത്തിൻ പ്രഭകു
ജ്ഞാനികളന്നിതാ യാത്രയുമായ്
പൊന്നും മീറ കുന്തുരുക്കം
കാഴ്ചയതേകി മോദമൊടെ.

ആരാധിക്കാം ഈ സുദിനേ
ഉണ്ണിക്കേകാം സ്തുതികളതും
സ്നേഹിച്ചീടാം ഈശോയെ
നമ്മുടെ കാഴ്ചയുമർപ്പിക്കാം.





# നമുക്കുപ്രാർത്ഥിക്കാം

**വിനീതരായ ആട്ടിടയരെയും വിജ്ഞാനികളായ ശാസ്ത്രജ്ഞ രെയും ദിവ്യശിശുവിന്റെ സവിധത്തിലേയ്ക്കു നയിച്ച ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

# നമുക്ക് അനുകരിക്കാം

ഈശോയെ കാണുവാൻ ത്യാഗങ്ങൾ
സഹിച്ചു ബേത്‌ലെഹെമിൽ എത്തിയ
ജ്ഞാനികളെപ്പോലെ നമുക്കും
ദൈവാലയത്തിൽ പോയി ഈശോയെ
കുമ്പിട്ടാരാധിക്കാം...

# ബോധ്യങ്ങൾ

* മൂന്നു ജ്ഞാനികൾ ഒരു അത്ഭുത നക്ഷത്രം ക് ഈശോയുടെ അടുത്തു വന്ന് അവനെ ആരാധിച്ചു.

* അവർ ഈശോയ്ക്കു കാഴ്ചകൾ സമർപ്പിച്ചു.

* യൗസേപ്പും മറിയവും ഈശോയോടൊപ്പം നസ്രത്തിൽ ചെന്നു താമസിച്ചു.



# മനോഭാവങ്ങൾ

* ലോകരക്ഷകനായ ഈശോയെ നാം കുമ്പിട്ടാരാധിക്കണം.

* നമ്മുടെ നന്മ പ്രവൃത്തികളും ത്യാഗങ്ങളും ഈശോയ്ക്കു കാഴ്ചയായി നൽകണം.



# ശീലങ്ങൾ

* ദൈവാലയത്തിൽ പോയി ഈശോയെ ആരാധിക്കുക.

* ദൈവാലയത്തിൽ നേർച്ചയിടുക.

* നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കുക.




THANK
YOU